# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം

## NATIONAL BULLETIN

**DATE: 08-12-2025** **TIME : 07.25 PM**

### പ്രധാന വാർത്തകൾ

1. സ്വാതന്ത്ര്യസമര സേനാനികൾ വിഭാവനം ചെയ്ത സ്വപ്നങ്ങൾ സാക്ഷാത്കരിക്കാൻ നമ്മെ നയിക്കുന്ന ശക്തിയാണ് വന്ദേമാതരമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി; വന്ദേമാതരത്തിന്റെ 150ാം വാർഷികത്തോടനുബന്ധിച്ചുള്ള പ്രത്യേക ചർച്ച ലോക്സഭയിൽ പുരോഗമിക്കുന്നു.

   **Prime Minister Narendra Modi says Vande Mataram is the driving force that will guide us to realize the dreams envisioned by the freedom fighters; A special discussion on the 150th anniversary of Vande Mataram is underway in the Lok Sabha.**

2. വ്യോമസുരക്ഷയിൽ വിട്ടുവീഴ്ച്ചയില്ലെന്ന് കേന്ദ്ര വ്യോമയാന മന്ത്രി റാംമോഹൻ നായിഡു, വിമാനങ്ങൾ റദ്ദാക്കിയ സാഹചര്യം സർക്കാർ ഗൗരവമായി കാണുന്നുവെന്നും മന്ത്രി.

   **Union Civil Aviation Minister Ram Mohan Naidu said that there will be no compromise on air safety and the government is taking the situation of flight cancellations seriously, the minister said.**

3. കേരളത്തിൽ തദ്ദേശ തിരഞ്ഞെടുപ്പിൻറെ ആദ്യഘട്ട വോട്ടെടുപ്പിനുള്ള ഒരുക്കങ്ങൾ പൂർത്തിയായി. തിരുവനന്തപുരം മുതൽ എറണാകുളം വരെയുള്ള ഏഴ് ജില്ലകൾ നാളെ പോളിംഗ് ബൂത്തിലേക്ക്.

   **Preparations for the first phase of local body elections in Kerala have been completed. Seven districts from Thiruvananthapuram to Ernakulam will go to the polling booth tomorrow.**

4. തീവ്ര വോട്ടർ പട്ടിക പരിഷ്കരണത്തിൻറെ രണ്ടാം ഘട്ടത്തിൻറെ ഭാഗമായി 99.95 ശതമാനം വോ ട്ടർമാർക്ക് എന്യൂമറേഷൻ ഫോമുകൾ വിതരണം ചെയ്തതായി കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മിഷൻ.

   **The Central Election Commission has said that enumeration forms have been distributed to 99.95 percent voters as part of the second phase of the revision of the electoral roll.**

5. നടിയെ ആക്രമിച്ച കേസിൽ ആദ്യ ആറ് പ്രതികൾ കുറ്റക്കാരെന്ന് എറണാകുളം പ്രിൻസിപ്പൽ ജില്ലാ സെഷൻസ് കോടതി. നടൻ ദിലീപിനെ കു റ്റവിമുക്തനാക്കി, ശിക്ഷാ വിധി ഈ മാസം 12 ന്.

   **The first six accused in the actress attack case have been found guilty by the Ernakulam Principal District Sessions Court. Actor Dileep acquitted, sentencing on 12th of this month.**

6. ഇന്ത്യ-ദക്ഷിണാഫ്രിക്ക ട്വൻറി 20 ക്രിക്കറ്റ് പരമ്പരയ്ക്ക് നാളെ കട്ടക്കിൽ തുടക്കമാകും.

   **India-South Africa Twenty20 cricket series begins tomorrow in Cuttack.**

## NEW LS - VANDE MATARAM (INTRO)

ദേശീയ ഗീതമായ വന്ദേമാതരത്തിന്റെ 150-ാം വാർഷികത്തെക്കുറിച്ചുള്ള ചർച്ച ലോക്സഭയിൽ പുരോഗമിക്കുന്നു. വന്ദേമാതരം എന്ന മന്ത്രം രാജ്യ ത്തിന് ശക്തിയും പ്രചോദനവും നൽകുകയും സ്വാതന്ത്ര്യ പ്രസ്ഥാന ത്തിന് ഊർജ്ജം പകരുകയും ചെയ്തതായി ചർച്ചയ്ക്ക് തുടക്കമിട്ട പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു. ഇന്ന് വന്ദേമാതരത്തെ സ്മരിക്കുന്നത് സഭാംഗങ്ങൾക്കും രാജ്യത്തെ പൗരൻമാർക്കും അഭിമാനമാണെന്നും, വന്ദേമാതരത്തിന്റെ 150 വർഷങ്ങൾ ആ മഹത്തായ അധ്യായവും മഹത്വവും പുനഃസ്ഥാപിക്കാനുള്ള അവസരമാണെന്നും അദ്ദേഹം പറഞ്ഞു. സ്വാതന്ത്ര്യ സമര സേനാനികൾ വിഭാവനം ചെയ്ത സ്വപ്നങ്ങൾ സാക്ഷാത്കരിക്കാൻ നമ്മെ നയിക്കുന്ന ശക്തിയാണ് വന്ദേമാതരം എന്നും പ്രധാനമന്ത്രി അഭിപ്രായപ്പെട്ടു.

(BYTE - NARENDRA MODI)

ദേശീയ ഗീതമായ വന്ദേമാതരത്തിന്റെ ചർച്ച സഭ ഏറ്റെടുക്കുകയാണെന്ന്

ലോക്സഭാ സ്പീക്കർ ഓം ബിർള പറഞ്ഞു. രാജ്യം കോളനി വാഴ്ചയ്ക്കെതിരെ പോരാടിയ ദുഷ്കര സമയങ്ങളിൽ ദേശഭക്തി തുളുമ്പുന്ന ഈ ഗാനം മാർഗ്ഗദീപവും പ്രതീക്ഷയും നൽകിയതായി അദ്ദേഹം പറഞ്ഞു. 1875-ൽ ബങ്കിംചന്ദ്ര ചാറ്റർജി രചിച്ച ദേശഭക്തി ഗാനമാണ് വന്ദേമാതരം.

❁❁❁❁❁❁❁❁❁❁❁❁❁❁❁❁

## LS-PM SPEECH

വന്ദേമാതരത്തെക്കുറിച്ച് ലോക്സഭയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി നടത്തിയ പ്രസംഗം ഭാവി തലമുറകൾക്ക് പ്രചോദനമേകുന്ന ചരിത്രരേഖയായി മാറിയിരിക്കുന്നതായി ബിജെപി എംപി അനുരാഗ് താക്കൂർ. ലോക്സഭയിൽ വന്ദേമാതരം ചർച്ച ആരംഭിച്ചപ്പോൾ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി സഭയിൽ ഇല്ലാതിരുന്നതിന്നതിനെ ഭരണപക്ഷം നിശിതമായി വിമർശിച്ചു. വന്ദേമാതരം ഇന്ത്യയുടെ ഐക്യത്തിന്റെയും സംസ്കാരത്തിന്റെയും പ്രതീകമായതിനാൽ ഇത് സംബന്ധിച്ച ചർച്ച വളരെ പ്രാധാന്യമർഹിക്കുന്നതാണെന്ന് ബിജെപി എംപി മനോജ് തിവാരി ആകാശവാണി വാർത്തകളോട് പറഞ്ഞു.

❁❁❁❁❁❁❁❁❁❁❁❁❁❁❁❁

## HEALTH SECURITY BILL

'ആരോഗ്യ സുരക്ഷ - ദേശീയ സുരക്ഷാ സെസ് ബിൽ', 2025 രാജ്യസഭ ഇന്ന് പരിഗണിച്ചു. പാൻ മസാല പോലുള്ള ഉൽപ്പന്നങ്ങളുടെയും കേന്ദ്ര സർക്കാർ വിജ്ഞാപനം ചെയ്ത സമാന ഉൽപ്പന്നങ്ങളുടെയും മേൽ സെസ് ചുമത്താനും അതിൽ നിന്നുള്ള വരുമാനം പൊതുജനാരോഗ്യത്തിനും ദേശീയ സുരക്ഷയ്ക്കുമായി ചെലവഴിക്കാനും ഉദ്ദേശിച്ചുള്ളതാണ് ബിൽ എന്ന് ബിൽ അവതരിപ്പിച്ചുകൊണ്ട് ധനമന്ത്രി നിർമ്മല സീതാരാമൻ പറഞ്ഞു.

❁❁❁❁❁❁❁❁❁❁❁❁❁❁❁❁

## LOK SABHA POVERTY

ഇന്ത്യയിലെ ബഹുമുഖ ദാരിദ്ര്യം 2013-14ലെ 29.17 ശതമാനത്തിൽ നിന്ന് 2022-23 ൽ 11.28 ശതമാനമായി കുറഞ്ഞുവെന്ന് ധനകാര്യ സഹമന്ത്രി പങ്കജ് ചൗധരി. ഈ കാലയളവിൽ ഏകദേശം 24.8 കോടി ആളുകൾ ദാരിദ്ര്യത്തിൽ നിന്ന് കരകയറിയതായി ലോക്സഭയിലെ ചോദ്യോത്തര വേളയിൽ അദ്ദേഹം വ്യക്തമാക്കി. 2011-12 ൽ 27.12 ശതമാനമുണ്ടായിരുന്ന ഇന്ത്യയുടെ കടുത്ത ദാരിദ്ര്യ നിരക്ക് 2022-23 ൽ 5.25 ശതമാനമായി

കുറഞ്ഞതായും അന്താരാഷ്ട്ര ദാരിദ്ര്യരേഖയെക്കുറിച്ചുള്ള ലോകബാങ്ക് റിപ്പോർട്ട് ഉദ്ധരിച്ച് മന്ത്രി പറഞ്ഞു.

## ELECTION - KERALA (INTRO)

സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തിരഞ്ഞെടുപ്പിന്റെ ഒന്നാംഘട്ട വോട്ടെടുപ്പ് നാളെ നടക്കും. രാവിലെ 7 ന് ആരംഭിക്കുന്ന പോളിംഗ് വൈകീട്ട് ആറിന് അവസാനിക്കും.

വിശദാംശങ്ങളിലേക്ക്.....

(VOICE)

## VOTING DAY HOLIDAY

തിരഞ്ഞെടുപ്പ് നടക്കുന്ന ജില്ലകളിലെ സംസ്ഥാന സർക്കാർ - അർദ്ധ സർക്കാർ/ സ്വകാര്യ, വാണിജ്യ സ്ഥാപനങ്ങളിലെ ജീവനക്കാർക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും നാളെ അവധി പ്രഖ്യാപിച്ചിട്ടുണ്ട്. അതേസമയം സംസ്ഥാനത്തെ വ്യവസായ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള കേന്ദ്ര സർക്കാർ ഓഫീസുകളിലെ വോട്ടർമാരായ ജീവനക്കാർക്ക് അവധി ബാധകമല്ലെങ്കിലും ഭരണ സേവന മാനദണ്ഡങ്ങൾക്ക് വിധേയമായി വോട്ട് ചെയ്യാൻ അനുമതി ലഭിക്കും.

## POLLING OFFICIAL - BANK DETAILS

പ്രതിഫലം യഥാസമയം ലഭ്യമാക്കുന്നതിനായി പോളിങ് ഡ്യൂട്ടിക്കായി നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥർ ബാങ്ക് വിവരങ്ങൾ നൽകണമെന്ന് നിർദ്ദേശം. ഇ-ഡ്രോപ് സോഫ്റ്റ് വെയറിൽ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ ഇതുവരെ നൽകാത്തവർ എത്രയും വേഗം നൽകണമെന്ന് തിരഞ്ഞെടുപ്പ് കമ്മീഷൻ നിർദ്ദേശം നൽകി.

## SIR

തീവ്ര വോട്ടർ പട്ടിക പരിഷ്കരണത്തിൻറെ രണ്ടാം ഘട്ടത്തിൻറെ ഭാഗമായി രാജ്യത്താകെ 50 കോടി 95 ലക്ഷം എന്യൂമറേഷൻ ഫോമുകൾ വിതരണം

ചെയ്യുതായി കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മിഷൻ. ഇതോടെ 99.95 ശതമാനം വോട്ടർമാർക്ക് ഫോം ലഭ്യമാക്കി. 50 കോടിയോളം ഫോമുകൾ ഡിജിറ്റൈസ് ചെയ്യുതായും കമ്മിഷൻ വ്യക്തമാക്കി. കേരളത്തിൽ ഇന്ന് വൈകിട്ട് 6 മണിയോടെ ഡിജിറ്റൈസ് ചെയ്യ ഫോമുകളുടെ എണ്ണം 2 കോടി 72 ലക്ഷത്തി 22, 745 ആയി ഉയർന്നതായി മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ ഡോ. രത്തൻ യു കേൽക്കർ അറിയിച്ചു. ഇത് സംസ്ഥാനത്ത് മൊത്തം വിതരണം ചെയ്യ ഫോമുകളുടെ 97.74 % ആണ്.

## PM - WHO GLOBAL SUMMIT

ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ ഈ മാസം 19-ന് നടക്കുന്ന, ലോകാരോഗ്യ സംഘടനയുടെ രണ്ടാമത് പരമ്പരാഗത വൈദ്യശാസ്ത്രത്തെക്കുറിച്ചുള്ള ആഗോള ഉച്ചകോടിയുടെ സമാപന സമ്മേളനത്തെ പ്രധാനമന്ത്രി നരേന്ദ്ര മോദി അഭിസംബോധന ചെയ്യും. ലോകാരോഗ്യ സംഘടന ഡയറക്ടർ ജനറൽ ടെഡ്രോസ് അദാനോം ഗെബ്രിയേസസ്, കേന്ദ്ര ആരോഗ്യമന്ത്രി ജെ പി നഡ്ഡ, കേന്ദ്ര ആയുഷ് മന്ത്രി പ്രതാപ് റാവു ജാദവ് എന്നിവരും ചടങ്ങിൽ പങ്കെടുക്കും. ലോകമെമ്പാടുമുള്ള ആരോഗ്യ മന്ത്രിമാർ, നയരൂപകർത്താക്കൾ, ആരോഗ്യ വിദഗ്ധർ, ഗവേഷകർ, വ്യവസായ പ്രതിനിധികൾ, പരിശീലകർ എന്നിവർ ഈ പരിപാടിയിൽ കേന്ദ്ര ആയുഷ് മന്ത്രി പ്രതാപ് റാവു ജാദവ് ന്യൂഡൽഹിയിൽ അറിയിച്ചു.

## EVE RS- NAIDU AVIATION CRISIS (INTRO)

വ്യോമ സുരക്ഷ, സർക്കാരിന്റെ മുന്തിയ പരിഗണനയായതിനാൽ അതിൽ ഒരു വിട്ടുവീഴ്ചയും ഉണ്ടാകില്ലെന്ന് കേന്ദ്ര സിവിൽ വ്യോമയാന മന്ത്രി കെ റാംമോഹൻ നായിഡു രാജ്യസഭയെ അറിയിച്ചു. വിമാനങ്ങൾ റദ്ദാക്കുന്നതിലേക്ക് നയിച്ച സാഹചര്യവുമായി ബന്ധപ്പെട്ട് സർക്കാർ അന്വേഷണം നടത്തുന്നുണ്ടെന്ന് അദ്ദേഹം വ്യക്തമാക്കി. സർക്കാർ ഈ സാഹചര്യത്തെ നിസ്സാരമായി കാണുന്നില്ലെന്നും ഇക്കാര്യത്തിൽ വളരെ കർശനമായ നടപടി സ്വീകരിക്കുമെന്നും അദ്ദേഹം പറഞ്ഞു. ഇൻഡിഗോ വിമാനങ്ങൾ റദ്ദാക്കിയതുമൂലം യാത്രക്കാർ നേരിടുന്ന അസൗകര്യം എയർക്രാഫ്റ്റ് മെയിന്റനൻസ് ആൻഡ് ഷെഡ്യൂളിംഗ് സിസ്റ്റത്തിലെ തകരാറല്ലെന്നും ഇൻഡിഗോയുടെ ക്രൂ റോസ്റ്ററിംഗും പ്രവർത്തന ആസൂത്രണവുമാണ് കാരണമെന്നും മന്ത്രി പറഞ്ഞു.

(VOICE)

❁❁❁❁❁❁❁❁❁❁❁❁❁❁❁❁

## MoCA- INDIGO

രാജ്യത്തെ വിമാനയാത്രാ പ്രതിസന്ധിയെത്തുടന്ന് ഡിസംബർ ഒന്നിനും ഏഴിനും ഇടയിൽ, 5 ലക്ഷത്തി 86 ആയിരത്തി 700-ൽ അധികം PNR കൾ റദ്ദാക്കുകയും തുക തിരികെ നൽകുകയും ചെയ്തതായി വ്യോമയാന മന്ത്രാലയം അറിയിച്ചു. 569 കോടിയിലധികം രൂപയാണ് റീഫണ്ടായി നൽകിയത്. 9,000 ബാഗേജുകളിൽ 4,500 ഓളം ഉപഭോക്താക്കൾക്ക് കൈമാറിയെന്നും, ബാക്കിയുള്ളവ അടുത്ത 36 മണിക്കൂറിനുള്ളിൽ നൽകുമെന്നും മന്ത്രാലയം അറിയിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁❁❁❁

## DILEEP CASE

നടിയെ ആക്രമിച്ച കേസിൽ ആദ്യ ആറ് പ്രതികൾ കുറ്റക്കാരെന്ന് എറണാകുളം പ്രിൻസിപ്പൽ ജില്ലാ സെഷൻസ് കോടതി കണ്ടെത്തി. ബലാത്സംഗം, ഗൂഢാലോചന, തട്ടിക്കൊണ്ടുപോകൽ തുടങ്ങിയ കുറ്റങ്ങളാണ് ഇവർക്കെതിരെയുള്ളത്. ഈ മാസം 12 ന് ശിക്ഷ വിധിക്കും. കേസിൽ നടൻ ദിലീപിനെ കോടതി കുറ്റവിമുക്തനാക്കി. എട്ട് വർഷത്തെ വിചാരണയ്ക്ക് ശേഷമാണ് കോടതിയുടെ വിധി പ്രസ്താവം. കുറ്റക്കാരെന്ന് കോടതി വിധിച്ച പ്രതികളുടെ ജാമ്യം റദ്ദാക്കിയിട്ടുണ്ട്. ഒന്നാം പ്രതി സുനിൽ എൻ.എസ് എന്ന പൾസർ സുനി, ഉൾപ്പടെയുളളവരെയാണ് കോടതി കുറ്റക്കാരെന്ന് കണ്ടെത്തിയത്. ഏഴ് മുതൽ പത്ത് വരെ പ്രതികളെ കോടതി വെറുതെവിട്ടു.

❁❁❁❁❁❁❁❁❁❁❁❁❁❁❁❁

## INDIA -SOUTH AFRICA T20

ഇന്ത്യയും ദക്ഷിണാഫ്രിക്കയും തമ്മിലുള്ള അഞ്ച് മത്സരങ്ങളടങ്ങിയ ടി20 പരമ്പരയിലെ ആദ്യ മത്സരം നാളെ. കട്ടക്കിലെ ബാരാബതി സ്റ്റേഡിയത്തിൽ രാത്രി ഏഴ് മണിക്ക് നടക്കും.

❁❁❁❁❁❁❁❁❁❁❁❁❁❁❁❁
❁❁❁❁❁❁❁❁❁❁
❁❁❁❁❁❁